ശ്രീ. കെ. എം. മാണി: ധനകാര്യക്കമ്മീഷന്റെ ശുപാർശ വളരെ നിരാശാജനകമായിട്ടു വന്നത്, വസ്തുനിഷ്ടമായ നിർദ്ദേശങ്ങളും ധനകാര്യക്കമ്മീഷന്റെ മുമ്പാകെ വയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണെന്നു അറിയുന്നത് ശരിയാണോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അല്ല എന്നുള്ളതിന് ധനകാര്യക്കമ്മീഷൻ ഇവിടെ വന്ന അവസരത്തിൽ പ്രതിപക്ഷ മെമ്പറൻമാർ പോലും നിവേദനം സമർപ്പിച്ചത് ഈ ഗവൺമെന്റു തയ്യാറാക്കിയ മെമ്മോറാൺഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നുള്ളതിന് തെളിവാണ്.

ശ്രീ. എ. വി. കുഞ്ഞമ്പു: ധനകാര്യക്കമ്മീഷൻ മറ്റു സംസ്ഥാനങ്ങൾക്ക് ശുപാർശ ചെയ്തിട്ടുള്ളതിനേക്കാൾ വളരെ താഴ്ന്ന സംഖ്യയാണ് കേരളത്തിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്. അതിനുള്ള കാരണമെന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ധനകാര്യക്കമ്മീഷന്റെ തീരുമാനം ന്യായീകരിക്കേണ്ടത് എന്റെ ചുമതലയല്ല. ധനകാര്യക്കമ്മീഷൻ ചില കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അത് തെറ്റാണെന്നുള്ള കാര്യത്തിൽ ഞാനും ബഹുമാനപ്പെട്ട മെമ്പറും മാത്രമല്ല, ബഹുമാനപ്പെട്ട കരുണാകരനും, ബഹുമാനപ്പെട്ട ജോർജും കൂടി നിൽക്കുമെന്നാണ് എന്റെ പ്രതീക്ഷ.

## ഐക്യമുന്നണി ഗവൺമെന്റ്

* 296 [1023] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂമന്ത്രി സഭയം മറുപടി നൽകുമോ:

കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റിനെ തകർക്കുന്നതിനു സി. ഐ. എ. പരിശ്രമിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

ഇല്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കേരളത്തിൽ ഒരു ആഭ്യന്തരയുദ്ധത്തിന് ആഹ്വാനം ചെയ്തിട്ടുള്ള ഇവിടത്തെ തൊഴിൽമന്ത്രി സി. ഐ. എ. യുടെ ഏജൻറാണെന്ന്.....

ഡെപ്യൂട്ടി സ്പീക്കർ: ആ ചോദ്യത്തിനുത്തരം പറയേണ്ടാ.

ശ്രീ. കെ. എം. മാണി: 1959-ൽ വിമോചനസമരത്തിന്റെ മുൻപന്തിയിൽ നിന്നവരും ഈ സഭയിൽ ഇപ്പോഴും അംഗമായിട്ടുള്ളതുമായ ഏതെങ്കിലും അംഗം ഈ രാജ്യത്തെ സി. ഐ. എ. യുടെ ഏജൻറായി പ്രവർത്തിച്ചുവരുന്നുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആരെങ്കിലും ഏജൻറൻമാരായി പ്രവർത്തിച്ചുവരുന്നുണ്ടോയെന്നുള്ളതല്ല ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യം. ആരെങ്കിലും പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് ചോദിച്ചിട്ടുള്ളത്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതിന് ചില നടപടിക്രമങ്ങളെല്ലാം ഉണ്ട്. അതനുസരിച്ച് പെട്ടിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly